**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5805          02.07.2014 - ൽ മറുപടിക്ക്

## പിന്നോക്ക വിഭാഗക്കാർക്ക് വായ്പാ ധനസഹായ പരിപാടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പിന്നോക്ക വിഭാഗക്കാർക്ക് പുതിയ വായ്പാ ധനസഹായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷനിലും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലും താഴെപ്പറയും പ്രകാരം പുതിയ വായ്പാ ധനസഹായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്.<br><u>കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ</u><br>ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ, നിതാഖത്ത് നിയമം മൂലം സൗദി അറേബ്യയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്നവർക്കുള്ള പ്രത്യേക സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. ബിസിനസ് ഡെവലപ്മെന്റ് വായ്പ<br>ബിസിനസ്സ് ആരംഭിച്ച് 2 വർഷം കഴിഞ്ഞ സംരംഭകർക്ക് അവരുടെ ബിസിനസ്സ് വിപുലീകരിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.<br>പരമാവധി തുക : 3 ലക്ഷം രൂപ<br>പലിശ നിരക്ക് : 9 % |

| | | | |
|---|---|---|---|
| | | | തിരിച്ചടവ് കാലാവധി :60 മാസം മുതൽ 72 മാസം വരെ<br>പ്രായപരിധി :18-60<br>കുടുംബ വാർഷിക വരുമാന പരിധി : 1,03,000/- രൂപയിൽ താഴെ.<br><br>നിതാഖത്ത് നിയമം മൂലം സൗദി അറേബ്യയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്നവർക്കുള്ള പ്രത്യേക സ്വയംതൊഴിൽ വായ്പാ പദ്ധതി<br>സ്വദേശീവത്കരണത്തിന്റെ ഭാഗമായി സൗദി അറേബ്യൻ സർക്കാർ നടപ്പിലാക്കിയ നിതാഖത്ത് പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്ന മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി) പ്പെട്ടവർക്കുള്ള പുതിയ വായ്പാ പദ്ധതി<br>പരമാവധി തുക : 10 ലക്ഷം രൂപ<br>പലിശ നിരക്ക് : 3% p.a<br>തിരിച്ചടവ് കാലാവധി : 84 മാസം<br>പ്രായപരിധി : 18-55<br>കുടുംബ വാർഷിക വരുമാന പരിധി :1,03,000/- രൂപയിൽ താഴെ<br>ഗുണഭോക്തൃ വിഹിതം : പദ്ധതി ചെലവിന്റെ 10 %<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ<br>ഈ കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനം നടത്തുന്നതിന് പദ്ധതി രൂപീകരിക്കുകയും 2013-14-ൽ 18 വിദ്യാർത്ഥികൾക്ക് 5,13,770/- രൂപയുടെ ആനുകൂല്യം അനുവദിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | പിന്നോക്ക ക്ഷേമ കോർപ്പറേഷൻ വഴി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിവിധ ജില്ലകളിൽ നൽകിയ വായ്പയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്ത മാക്കാമോ? | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Vajan

സെക്ഷൻ ഓഫീസർ

അനുബന്ധം

**2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, വിവിധ ജില്ലകൾ വഴി നൽകിയ വായ്പയുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 402573389 | 4084 |
| 2 | കൊല്ലം | 488183550 | 5982 |
| 3 | പത്തനംതിട്ട | 373351880 | 8022 |
| 4 | ആലപ്പുഴ | 361241350 | 5266 |
| 5 | കോട്ടയം | 444010900 | 10282 |
| 6 | ഇടുക്കി | 424302000 | 7341 |
| 7 | എറണാകുളം | 453899164 | 15356 |
| 8 | തൃശ്ശൂർ | 492150670 | 13353 |
| 9 | പാലക്കാട് | 461798500 | 11723 |
| 10 | മലപ്പുറം | 534537825 | 7247 |
| 11 | കോഴിക്കോട് | 498221550 | 6489 |
| 12 | വയനാട് | 338969500 | 8354 |
| 13 | കണ്ണൂർ | 465787000 | 5511 |
| 14 | കാസർഗോഡ് | 433686600 | 4820 |
| ആകെ | | **6172713878** | **113830** |

Vajan
സെക്ഷൻ ഓഫീസർ

അനുബന്ധം

2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വിവിധ ജില്ലകൾ വഴി നൽകിയ വായ്പയുടെ വിശദാംശങ്ങൾ

| ക്രമ നം. | വായ്പ പദ്ധതി | റീജിയണൽ ഓഫീസ് (അനുവദിച്ച തുക ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | കോട്ടയം | തിരുവനന്തപുരം | കോഴിക്കോട് |
| 1 | കൃഷിഭൂമി വായ്പ | 16.70 | 1.60 | 5.00 |
| 2 | ഭവന നിർമ്മാണ വായ്പ | 1146.62 | 368.60 | 112.85 |
| 3 | ഭവന പുനരുദ്ധാരണ വായ്പ | 42.50 | 2.50 | 0.00 |
| 4 | ഭൂരഹിത ഭവനരഹിത വായ്പ | 8.86 | 0.00 | 0.00 |
| 5 | വിവാഹ വായ്പ | 139.72 | 16.99 | 7.00 |
| 6 | വ്യക്തിഗത വായ്പ | 155.27 | 55.00 | 17.46 |
| 7 | സ്വയംതൊഴിൽ വായ്പ | 70.79 | 23.84 | 11.97 |
| 8 | വിദ്യാഭ്യാസ വായ്പ | 9.73 | 1.71 | 1.99 |
| | **ആകെ** | **1600.19** | **470.24** | **156.27** |

Vajan

സെക്ഷൻ ഓഫീസർ